പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4581** **28. 06. 2013-** ലെ മറുപടി

സാന്ത്വനം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട രേഖകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സാന്ത്വനം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളേയും ഹാജരാക്കേണ്ട രേഖകളേയും സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ? | (എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തു മടങ്ങുന്ന നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയാണ് സാന്ത്വന പദ്ധതി. സാന്ത്വന പദ്ധതിയിലേക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അർഹത താഴെപറയും പ്രകാരമാണ്.<br>• അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിലധികമാകാൻ പാടില്ല<br>• അപേക്ഷകർ ഇന്ത്യയ്ക്ക് പുറത്തോ ഇന്ത്യയിൽ അന്യസംസ്ഥാനത്തോ 2 വർഷമെങ്കിലും താമസിച്ചിട്ടുള്ളവരായിരിക്കണം.<br>• തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ 10 വർഷം ( ഇതിൽ ഏതാണോ കുറവ്) പ്രസ്തുത കാലയളവിൽ അപേക്ഷ നൽകിയിരിക്കണം<br>• അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലിയുണ്ടായിരിക്കുവാൻ പാടുള്ളതല്ല.<br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം നോർക്ക-റൂട്ട്സിന്റെ റീജിനൽ ഓഫീസുകളിലോ ( തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജില്ലാ ആസ്ഥാനങ്ങളിലുള്ള |

നോർക്ക സെല്ലിലോ ( കോട്ടയം, തൃശൂർ, കണ്ണൂർ) സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളിൻ മേൽ അന്വേഷണം നടത്തിയ റിപ്പോർട്ട് സർക്കാരിൽ നോർക്ക-റൂട്ട്സിൽ നിന്നും സമർപ്പിക്കുന്നതാണ്. തുടർന്ന് സർക്കാർ സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് നോർക്ക-റൂട്ട്സിൽ നിന്നും സഹായധനം വിതരണം ചെയ്യുന്നതാണ്.

സാന്ത്വന പദ്ധതി വഴി വിവിധ ആവശ്യങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുവാൻ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

| **ചികിത്സാ ധനസഹായം** | **മരണാനന്തര ധനസഹായം** | **വിവാഹ ധനസഹായം** | **കൃത്രിമകാൽ, ഊന്നു വടി, വീൽചെയർ** |
|---|---|---|---|
| പാസ്പോർട്ട് | പാസ്പോർട്ട് | പാസ്പോർട്ട് | പാസ്പോർട്ട് |
| റേഷൻ കാർഡ് | റേഷൻ കാർഡ് | റേഷൻ കാർഡ് | റേഷൻ കാർഡ് |
| വരുമാന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരിയിൽ നിന്നുള്ളത്) | വരുമാന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരിയിൽ നിന്നുള്ളത്) | വരുമാന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരിയിൽ നിന്നുള്ളത്) | വരുമാന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരിയിൽ നിന്നുള്ളത്) |
| മെഡിക്കൽ ബില്ലുകൾ | ഡെത്ത് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ് | തദ്ദേശ സ്വയം ഭരണാധികാരിയിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റ് | ഡോക്ടറുടെ കുറിപ്പുകൾ |
| മെഡിക്കൽ സർട്ടിഫിക്കറ്റ് | പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ | പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ | വാങ്ങിയ ബില്ലിന്റെ കോപ്പി |

സെക്ഷൻ ഓഫീസർ